പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6512 | 08/11/2016 -ൽ മറുപടിക്ക്

## പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ ഫാമിലി ഹെൽത്ത് സെന്ററുകളായി ഉയർത്താൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം.എം. മണി | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| എ) | ഓരോ നിയോജകമണ്ഡലത്തിലെയും ഒരോ പ്രാഥമികാരോഗ്യകേന്ദ്രത്തെ ഫാമിലി ഹെൽത്ത് സെന്ററായി ഉയർത്താൻ തീരുമാനിച്ചിട്ടുണ്ടോ; | എ) | ഉണ്ട് |
| ബി) | ഫാമിലി ഹെൽത്ത് സെന്ററായി ഉയർത്തുന്നതിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദാംശം നൽകുമോ; | ബി) | ഗവർണറുടെ നയപ്രഖ്യാപനത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഘട്ടം ഘട്ടമായി വികസിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രത്തെ ശ്രദ്ധ കേന്ദ്രീകരിച്ച് ഒരു സമഗ്ര ആരോഗ്യ പരിപാടി നടപ്പിലാക്കാനാണ് സർക്കാർ തലത്തിൽ ഉദ്ദേശിക്കുന്നത്. ആരോഗ്യ സംരക്ഷണത്തിനും രോഗപ്രതിരോധ-ത്തിനും ഊന്നൽ നൽകുന്നതിനായി പ്രാഥമികാരോഗ്യ സംരക്ഷണ കേന്ദ്ര-ങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി സേവന മേഖലകൾ വികസിപ്പിക്കുന്ന-താണ്. അവിടങ്ങളിലെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹരി-ക്കുന്നതിനും അവയെ സജ്ജമാക്കുന്ന- |

| | | | |
|---|---|---|---|
| | | | താണ്. ഓരോ പ്രദേശങ്ങളിലെയും സാംക്രമിക രോഗങ്ങളും ജീവിതശൈലീ രോഗങ്ങളും വിവിധ വകുപ്പുകളുടെ സംഘടിതമായ ശ്രമത്തിലൂടെ കണ്ടെത്തി പരിഹരിക്കുന്നതാണ്. സംസ്ഥാന തല-ത്തിൽ രോഗങ്ങളെക്കുറിച്ച് സർവ്വെ നടത്തുന്നതാണ്. പകർച്ചവ്യാധികള-ല്ലാത്ത രോഗങ്ങളുടെ കാര്യത്തിൽ ഒരു പ്രാഥമിക ആരോഗ്യ സംരക്ഷണ സമ്പ്രദായം വികസിപ്പിച്ചെടുക്കുക എന്നതാണ് സർക്കാർ അഭിലഷിക്കുന്നത്. |
| സി) | ഫാമിലി ഹെൽത്ത് സെന്ററിൽ കിടത്തി ചികിത്സ സൗകര്യം ഏർപ്പെടുത്തുമോ; ആവശ്യമായ ഡോക്ടർമാർ, മറ്റു ജീവനക്കാർ എന്നിവരുടെ തസ്തികകൾ അനുവദിക്കുമോ? | സി) | കിടത്തി ചികിത്സ ആരംഭിക്കാനല്ല മറിച്ച് ചോദ്യം (എ)യുടെ ഉത്തരത്തിൽ പരാമർശിച്ച രീതിയിലുള്ള വിവിധ പ്രാഥമികാരോഗ്യ സംവിധാനങ്ങൾ വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനാവശ്യമായ അധിക തസ്തിക സൃഷ്ടിക്കുന്ന കാര്യവും പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ